**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 520 — **28.09.2016**-ലെ മറുപടിക്ക്

<u>പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ഭൂമിയും വീടും</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി ഇ.എസ്.ബിജിമോൾ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീമതി സി.കെ. ആശ** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് ഭൂമിയും വീടും നല്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് സ്വന്തമായി ഭൂമി വാങ്ങാൻ ധനസഹായം നൽകുന്ന "ഭൂരഹിതപുനരധിവാസ പദ്ധതിയും" സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് "ഭവന നിർമ്മാണ ധനസഹായ പദ്ധതിയും" നടപ്പിലാക്കിയിട്ടുണ്ട്. 2016-17-ൽ 4438 പേർക്ക് സ്ഥലം വാങ്ങുവാനും 7500 പേർക്ക് വീട് വെക്കുവാനും അനുമതി നൽകിയിട്ടുണ്ട്. ഐ.എ.വൈ പ്രകാരം 9668 കുടുംബങ്ങൾക്ക് വീട് വെക്കാൻ ധനസഹായം നൽകുന്നുണ്ട്.<br>ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 'ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം' പദ്ധതി, ആദിവാസി പുനരധിവാസ വികസന മിഷൻ പദ്ധതി, വനാവകാശനിയമം 2006 എന്നീ പദ്ധതികൾ മുഖാന്തിരം ഭൂമി ലഭ്യമാക്കി വരുന്നു. ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് വീട് ലഭ്യമാക്കുന്നതിനായി ഭവനനിർമ്മാണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഐ.എ.വൈ പദ്ധതി പ്രകാരവും പട്ടിക വർഗ്ഗക്കാർക്ക് വീട് അനുവദിച്ച് വരുന്നു. |
| (ബി) | പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ഭൂമിയും വീടും നല്കുന്നതിനായി ഭരണതലത്തിൽ എന്തെല്ലാം | (ബി) | പട്ടികജാതിക്കാർക്കുള്ള ഭൂരഹിത പുനരധിവാസ പദ്ധതിക്കായി 17,497 ലക്ഷം രൂപയും ഭവനനിർമ്മാണ പദ്ധതിക്കായി |

| | | | |
|---|---|---|---|
| | നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ വിശദാംശം നല്കുമോ? | | 26,500 ലക്ഷം രൂപയും 2016-17 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലും ഗുണഭോക്താക്കളുടെ ഭൗതിക ലക്ഷ്യം നിർണ്ണയിച്ചു നൽകുകയും ആവശ്യമായ ഫണ്ട് അനുവദിച്ചു നൽകുകയും പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.<br>ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് അവർ ഇഷ്ടപ്പെടുന്ന 25 സെന്റിൽ കുറയാത്ത ഭൂമി വാങ്ങി നൽകുന്നതിനായി 10 ലക്ഷം രൂപ വരെ അനുവദിക്കുന്നതിനായി 'ആശിക്കും ഭൂമി ആദിവാസിക്ക് സ്വന്തം' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ റ്റി.ആർ.ഡി.എം, വനാവകാശനിയമം എന്നിവ പ്രകാരവും ഭൂമി അനുവദിച്ചു വരുന്നു.<br>ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗ കുടുംബങ്ങൾക്കും വീട് ലഭ്യമാക്കുന്നതിനായി വർഷം തോറും വീടുകൾ അനുവദിക്കുന്ന ജനറൽ ഹൗസിംഗ് പദ്ധതിക്ക് നടപ്പ് സാമ്പത്തിക വർഷം 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഹഡ്കോയിൽ നിന്നും ധനസഹായം ലഭ്യമാക്കി 2000 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് അനുവദിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷവും വരും വർഷങ്ങളിലുമായി 3000 വീടുകൾ കൂടി ഹഡ്കോ ഭവന നിർമ്മാണ പദ്ധതി പ്രകാരം അനുവദിക്കുന്നതാണ്. സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി മുൻനിർത്തി എ.റ്റി.എസ്.പി ഭവന നിർമ്മാണ പദ്ധതി പ്രകാരവും സംസ്ഥാനത്തൊട്ടാകെ 9362 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടുകൾ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ